## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1110

02.05.2017 - ൽ
മറുപടിക്ക്

### നാഷണൽ അഗ്രിക്കൾച്ചറൽ സയൻസ് ഫണ്ട് പ്രയോജനപ്പെടുത്തി കാർഷിക ഗവേഷണം

ചോദ്യം
ശ്രീ.കെ. കൃഷ്ണൻകുട്ടി
ശ്രീ.സി.കെ.നാണു
ശ്രീ.കെ.ബി.ഗണേഷ് കുമാർ

മറുപടി
ശ്രീ.വി.എസ്.സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

എ) നാഷണൽ അഗ്രിക്കൾച്ചറൽ സയൻസ് ഫണ്ട് പ്രയോജനപ്പെടുത്തി എന്തെങ്കിലും ഗവേഷണങ്ങളോ പദ്ധതികളോ നടപ്പിലാക്കിയിട്ടുണ്ടോ; ഈ ഫണ്ട് ഉപയോഗിച്ച് കാർഷികമേഖലയിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യാൻ സാധിക്കും; വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ഈ ഫണ്ടിന് അപേക്ഷിക്കാൻ അർഹതയുണ്ടോ ;

എ) ഇല്ല, കേരളത്തിൽ കാർഷികരംഗം ഇന്ന് നേരിടുന്ന ഹ്രസ്വ-ദീർഘകാല പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഗവേഷണ പദ്ധതികൾക്കുള്ള ധനസഹായം ഈ ഫണ്ടിംഗ് ഏജൻസിയിൽ നിന്നും ലഭിക്കുന്നതാണ്. പല ഗവേഷണ സ്ഥാപനങ്ങൾ ഒരുമിച്ചു കൂട്ടായി നടത്തുന്ന ഗവേഷണ പദ്ധതികൾക്കാണ് (Multi - Institutional) ധനസഹായം ലഭിക്കുക.

കാർഷിക ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾക്ക് ഈ ഫണ്ടിന് അപേക്ഷിക്കുവാൻ അർഹതയുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പല കേന്ദ്രാവിഷ്കൃത പദ്ധതികളും കേരളം വേണ്ടത്ര പ്രയോജനപ്പെടുത്തിയിട്ടില്ല എന്ന കാര്യം വകുപ്പിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇത് പരിഹരിച്ച് മുഴുവൻ കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാനത്ത് പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ബി) കാർഷിക ഗവേഷണരംഗം ശാക്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; ഈ ആവശ്യത്തിലേയ്ക്കു ഏതെല്ലാം സ്വദേശി വിദേശി ധനാഗമ മാർഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

ബി) കാർഷിക ഗവേഷണ രംഗം ശാക്തീകരിക്കുവാൻ കേരള കാർഷിക സർവ്വകലാശാല നടപ്പാക്കിയതും ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.

ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ, ഭാരതീയ വന ഗവേഷണ കൗൺസിൽ, ബയോ ടെക്നോളജി ഡിപ്പാർട്ട്മെന്റ്, ശാസ്ത്ര സാങ്കേതിക വകുപ്പ്, കേന്ദ്രസർക്കാരിന്റെ കൃഷിവകുപ്പ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന കേന്ദ്ര സർക്കാരിന്റെ ഫണ്ടുപയോഗിച്ച് ഗവേഷണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പുതിയ ഗവേഷണ പദ്ധതികൾക്ക് ഇത്തരം ഏജൻസികളിൽ നിന്ന് കൂടുതൽ ധനസമ്പാദനത്തിനുള്ള പരിശ്രമങ്ങൾ സർവ്വകലാശാല തലത്തിൽ നടത്തുന്നുണ്ട്.

ഇതുകൂടാതെ ചില സ്വകാര്യ ഏജൻസികളിൽ നിന്നും കരാർ അടിസ്ഥാനത്തിൽ ഗവേഷണ പദ്ധതികൾ നടപ്പിലാക്കാനും ഫണ്ട് ലഭിക്കുന്നുണ്ട്.

വിദേശ ഏജൻസികളിൽ നിന്നും ഫണ്ട് സ്വീകരിച്ച് ഗവേഷണ പദ്ധതികൾ നടപ്പിലാക്കുന്നത് സംസ്ഥാന സർക്കാരിന്റെയും കേന്ദ്രസർക്കാരിന്റെയും പ്രത്യേക അനുമതി തേടിയതിനു ശേഷമാണ്. വിദേശ സർവ്വകലാശാലകളുടെ സഹകരണത്തോടെ ഗവേഷണ പദ്ധതികൾ നടപ്പാക്കാൻ സാധിക്കുന്നതാണ്. എഫ്.എ.ഓ. (FAO),

വേൾഡ് ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെയും കാർഷിക ഗവേഷണ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

തേനീച്ചയിലെ ഗവേഷണത്തിനും, പരാഗണം സംബന്ധിച്ച ഗവേഷണത്തിനുമായി ആസ്ട്രേലിയൻ സർക്കാരുമായി ബന്ധപ്പെട്ട് "ഇൻഡോ-ആസ്ട്രേലിയൻ ഹോർട്ട് ഇന്നോവേഷൻ" പദ്ധതി ആരംഭിക്കുവാനുള്ള നടപടികൾ എടുത്തുവരുന്നു.

| | |
|---|---|
| **സി)** ലോകത്തെ വിവിധ കാർഷിക സർവകലാശാലകളിൽ നിന്ന് മികവുനേടി ഗവേഷണങ്ങളിലേർപ്പെട്ടിരിക്കുന്ന കാർഷിക ശാസ്ത്രജ്ഞരുടെ ഹ്രസ്വകാല ദീർഘകാല ഗവേഷണ പദ്ധതികൾ കേരളത്തിന് ഗുണകരമാക്കാൻ കേരള സർവ്വകലാശാലയിലോ മറ്റു സർവ്വകലാശാലകളിലോ ചെയ്യുവാൻ സൗകര്യമൊരുക്കുമോ; ഇത്തരം ലോകോത്തര മലയാളി കാർഷിക ഗവേഷകരുടെ സേവനം സംസ്ഥാനത്തിനു ഗുണകരമാക്കാൻ മറ്റെന്തെല്ലാമാണ് ചെയ്യാനുദ്ദേശിക്കുന്നതു; | **സി)** ലോകത്തെ വിവിധ കാർഷിക സർവകലാശാലകളിൽ നിന്ന് മികവുനേടി, ഗവേഷണങ്ങളിലേർപ്പെട്ടിരിക്കുന്ന കാർഷിക ശാസ്ത്രജ്ഞരുടെ ഹ്രസ്വകാല ദീർഘകാല ഗവേഷണ പദ്ധതികളിൽ സംസ്ഥാനത്തിന് അനുയോജ്യമായവ കാർഷിക സർവകലാശാലയുടെ പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്. |
| **ഡി)** കൃഷിവകുപ്പ് ശാക്തീകരിക്കുന്നതിന്റെ ഭാഗമായി യു.എസ്.ഡി.എ. മാതൃകയിൽ കൃഷിയിടത്തിലൂന്നിയ ഗവേഷണ പദ്ധതികൾ നടപ്പിലാക്കുവാനും അതിനു ബിരുദാനന്തര ബിരുദ, ഡോക്ടറൽ ബിരുദധാരികളായ കാർഷികഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്താനുമുദ്ദേശിക്കുന്നുണ്ടോ? | **ഡി)** നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

- വിവിധ കാർഷിക വിളകളുടെ തദ്ദേശീയ (നാടൻ വിത്തിനങ്ങൾ) ശേഖരിച്ച് സംരക്ഷിക്കുന്നതിനായി ഒരു സസ്യ ജനിതക സംരക്ഷണ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- വിവിധ വിളകളിൽ പുതിയ വിത്തിനങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്.
- അത്യാധുനിക സൗകര്യങ്ങളോടെ വെള്ളാനിക്കരയിലെ റേഡിയോ ട്രേസർ ലാബ് ഒരു സെൻട്രൽ അനലിറ്റിക്കൽ ലാബിന്റെ നിലയിലേക്ക് ഉയർത്തുവാനും, ഗാമ ചേമ്പറും ഇലക്ട്രോൺ മൈക്രോസ്കോപ്പും സ്ഥാപിക്കുവാനും ഫണ്ടുകളുടെ ലഭ്യത അനുസരിച്ച് തീരുമാനിച്ചിട്ടുണ്ട്.
- ഭക്ഷ്യവസ്തുക്കളുടെയും പച്ചക്കറികളിലെയും അവശിഷ്ട വിഷ പരിശോധനക്കായി ഒരു ശൃംഖല ഒരുക്കി കേരള സംസ്ഥാനം മുഴുവൻ ഉൾക്കൊള്ളുന്ന രീതിയിൽ വെള്ളാനിക്കരയിലും പടന്നക്കാട് കാർഷിക കോളേജിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
- മണ്ണ്-ജല പരിശോധന കൂടി എല്ലാ ലാബുകളിലും കെ.വി.കെ. കളിലും സജ്ജമാക്കും. നിലവിലുള്ള 8 മികവു കേന്ദ്രങ്ങളെ നിലനിർത്തുകയും ശാക്തീകരിക്കുകയും ചെയ്യുന്നതിനായി 250 ലക്ഷം രൂപ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ടപഠനങ്ങളും മാറ്റങ്ങളെ പ്രതിരോധിക്കാനുതകുന്ന നൂതന രീതികളും അതിനുള്ള ഗവേഷണങ്ങളും "Climate resilient research programme" വഴി രൂപപ്പെടുത്തുന്നതാണ്.
- കേരളത്തിലെ മൂന്ന് മികച്ച നെല്ലിനങ്ങളായ ജ്യോതി, ജയ, ഉമ എന്നിവയിൽ ലവണാംശത്തെ പ്രതിരോധിക്കുന്ന 'സാൾട്ടോൾ ജീനും' വെള്ളക്കെട്ടിനെ പ്രതിരോധിക്കുന്ന സബ് 1 ജീനും കൂടി ഒരുമിച്ച് സംയോജിപ്പിച്ചതിനു ശേഷം പരീക്ഷണ കൃഷി പുരോഗമിച്ചു വരുന്നു. വരൾച്ചയെ പ്രതിരോധിക്കുന്ന നെല്ലിനങ്ങളും ഹ്രസ്വകാല മൂപ്പുള്ള നെല്ലിനങ്ങളും സർവ്വകലാശാലയുടെ കീഴിലെ വിവിധ ഗവേഷണ കേന്ദ്രങ്ങളിൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കാലാവസ്താവ്യതിയാനത്തെ ചെറുക്കാൻ ശേഷിയുള്ളതും 95-100 ദിവസം കൊണ്ട് കൊയ്തെടുക്കാവുന്നതുമായ ഒരു പുതിയ ഇനം നെല്ല് ഈ വർഷം തന്നെ കർഷകരിലെത്തിക്കുവാനുള്ള ഗവേഷണം പുരോഗമിക്കുന്നു.
- കൂടുതൽ തൂക്കവും എണ്ണയുമുള്ള കൊപ്ര ലഭ്യമാക്കുന്ന കുറിയ ഇനം തെങ്ങുകൾ കണ്ടെത്തുക, അധിക വിളവു തരുന്നതും രോഗ പ്രതിരോധ ശേഷിയുള്ളതുമായ ഇടത്തരം പൊക്കമുള്ള തെങ്ങിനങ്ങൾ വികസിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ തെങ്ങ് ഗവേഷണം ഏകോപിപ്പിച്ചുവരുന്നു.
- വരൾച്ചക്കും രോഗങ്ങൾക്കും എതിരെ പ്രതിരോധ ശേഷിയുള്ളതുമായ ഒരു പുതിയ ഇനം ഏലം വികസിപ്പിച്ചു വരുന്നു.
- പ്ലാവ്, പപ്പായ, പേര, സപ്പോട്ട, പാഷൻ ഫ്രൂട്ട്, റമ്പൂട്ടാൻ എന്നിവയിലെ ഗവേഷണത്തിനായി പുതിയതായി ഒരു ഡിപ്പാർട്ട്മെന്റ് ഓഫ് ഫ്രൂട്ട് സയൻസ് നിലവിൽ വന്നിട്ടുണ്ട്. അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ അന്താരാഷ്ട്ര ജാക്ക് ഫെസ്റ്റ് സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

- വരൾച്ച പ്രതിരോധിക്കുവാൻ കഴിവുള്ള പിങ്ക് പിഗ്മെന്റ് ഫാക്കൽറ്റേറ്റീവ് മിതൈലോട്രോഫ്സ് എന്ന നൂതന മിത്ര ബാക്ടീരിയ നെല്ലുൾപ്പെടെയുള്ളവയിൽ പരീക്ഷിച്ച് കർഷകർക്ക് ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.
- സംസ്ഥാനത്തെ മാലിന്യ പ്രശ്നത്തെ അഭിമുഖീകരിക്കുന്നതിനായി സംസ്ഥാന ശുചിത്വ മിഷന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ 'Microbial Consortium and Solid Waste Management Unit', സർവ്വകലാശാല വികസിപ്പിച്ച് എടുത്തിട്ടുണ്ട്.
- നാട്ടറിവുകൾ, കർഷകരുടെ പ്രവൃത്തി പരിചയത്തിൽ നിന്നും ഉരുത്തിരിഞ്ഞ കൃഷി മുറകൾ, സംസ്ക്കരണം-മൂല്യവർദ്ധിത- ഉല്പന്ന വൈവിദ്ധ്യമാർഗ്ഗങ്ങൾ, യന്ത്രവൽക്കരണ-മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയവശങ്ങൾ എന്നിവ വിശദീകരിക്കുന്നതിനായി ഒരു 'കർഷക ശാസ്ത്രകോൺഗ്രസ്' സംഘടിപ്പിക്കാനുദ്ദേശിക്കുന്നു.
- കൃഷി അനുബന്ധ മേഖലകളിൽ കാർഷിക സർവ്വകലാശാലയുടേയും കൃഷിവകുപ്പിന്റേയും സംഭാവനകൾ വിളിച്ചോതുന്ന ഒരു അന്താരാഷ്ട്ര ശില്പശാലയും പ്രദർശനവും കാർഷിക കലാമേളയും ഉൾക്കൊള്ളിച്ചുകൊണ്ട് 'അന്താരാഷ്ട്ര കാർഷിക വിജ്ഞാനപൂരം 2017' കൃഷിവകുപ്പിന്റെ പങ്കാളിത്തത്തോടെ സംഘടിപ്പിക്കുന്നതിനായി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ